"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗരേഖ- ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവർക്കുള്ള ധനസഹായ ഗുണഭോക്താക്കളിൽ സെറിബ്രൽ പാൾസി, ഓട്ടിസം, മെന്റൽ റിറ്റർഡേഷൻ, മൾട്ടിപ്പിൾ ഡിസ്എബിലിറ്റി എന്നീ വിഭാഗക്കാരെ എന്ന് പ്രത്യേകമായി ഉൾപ്പെടുത്തി - ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.181/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 23/01/2020

പരാമർശം:- 1 സ.ഉ.(കൈ)നം.22/2018/തസ്വഭവ, തീയതി 14.02.2018

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 06.12.2019-ൽ കൂടിയ യോഗത്തിന്റെ തീരുമാനം നം. 4.22

**ഉത്തരവ്**

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കുന്നതിന് സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച പരാമർശം (1) മാർഗരേഖ പ്രകാരം ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവർക്കുള്ള സഹായ വിവരങ്ങൾ പ്രതിപാദിക്കുമ്പോൾ മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾ എന്ന് മാത്രമാണ് പരാമർശിക്കുന്നത്. ഇത് കാരണം പല തദ്ദേശ ഭരണ സ്ഥാപനങ്ങളും സെറിബ്രൽ പാൾസി, ഓട്ടിസം, ബഹുവിധ വൈകല്യം ഇവ ഉള്ളവർക്ക് ആനുകൂല്യം നൽകുന്നില്ല എന്ന പരാതി പരാമർശം (2) യോഗം പരിശോധിക്കുകയും ഉത്തരവിൽ ഭേദഗതി വരുത്താൻ നിർദ്ദേശിച്ച് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

2. ആയതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) ഉത്തരവിലെ ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകാവുന്ന ധന സഹായങ്ങളുടെ ഗുണഭോക്താക്കളിൽ മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾ എന്നതിൽ സെറിബ്രൽ പാൾസി, ഓട്ടിസം, മെന്റൽ റിറ്റർഡേഷൻ, മൾട്ടിപ്പിൾ ഡിസ്എബിലിറ്റി എന്നീ വിഭാഗത്തിലുൾപ്പെടുന്നവർ എന്ന് പ്രത്യേകമായി ചേർത്തുകൊണ്ട് ,ടി ഉത്തരവ് ഭേദഗതി ചെയ്ത്, ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ ആസൂത്രണ സമിതി അധ്യക്ഷൻമാർക്കും
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ